കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ഇടവ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:...........................................

കെ.എസ്.എ.റ്റി.വി.എം ജി.പി.7/1685/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 08.08.2017

Phone No : 0471-2331231

Email : lfadtvm@yahoo.inlfadtvm@yahoo.in,

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ഇടവ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇടവ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.റ്റി.വി.എം ജി.പി .7/1685/2017 തീയതി :08.08.2017

## തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത്18.09.2016 മുതൽ 23.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാ എൻക്വയറികൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം

പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പ് കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.06.2017 മുതൽ 30.06.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി.സ്നിഗ്ധ.എസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി.ശ്യാമപ്രിയ.എസ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.പ്രകാശ് കൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ശരത്.ജെ.ശങ്കർ | ഓഡിറ്റർ (23.06.17 - 27.06.17) |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുനിത.എസ്.ബാബു | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ബാബു.എസ്<br>ശ്രീ.അനിൽകുമാർ.ആർ.എസ്. | 01.04.2016 മുതൽ 28.09.2016 വരെ<br>29.09.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ജെസ്സി.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദീപ.ഡി.ആർ.<br>ശ്രീമതി.ഫസീലാബീവി. | 01.04.2016 മുതൽ17 .07.2016 വരെ<br>18.07.16മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ.ഷാഹിം.എം<br>ഡോ.റീത്ത | 01.04.2016 മുതൽ 10.08.2016വരെ<br>11.08.2016മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ലാലി.ഐ.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിന്ദു.കെ.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.സക്കറിയ സെബാസ്റ്റിൻ<br>ഡോ.ബിനി രാജ് | 01.04.2016 മുതൽ 14.12.2016 വരെ<br>15.12.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ - I | ശ്രീ.ഷാനവാസ്.<br>ശ്രീ.രതീഷ് ഭദ്രൻ | 01.04.2016 മുതൽ 28.07.2016വരെ<br>29.07.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ - II | ശ്രീ.ഡിനു | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ജയറാം.ജെ | 01.04.2016 മുതൽ 31.03.2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.പത്മജ.ജി. | 01.04.2016 മുതൽ 31.03.2017 വരെ |
| എച്ച്.എം ഗവ.എൽ.പി.എസ് വെൺകുളം | ശ്രീ.റ്റി.കൃഷ്ണകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഭാഗം - I | | | |
|---|---|---|---|
| ക്രമ നം. | വിഷയം | ഖണ്ഡിക നം. | പേജ് നം. |
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.10 | |
| 11 | ക്യാഷ് ബുക്ക് പരിപാലനം | 1.11 | |
| 12 | അനുബന്ധ പത്രികകൾ | 1.12 | |

ഭാഗം - II

| | | | |
|---|---|---|---|
| 13 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല. | 2.1 | |
| 14 | *വിമുക്തഭടൻമാരുടെ വീടിനുള്ള നികുതിയിളവ് ഷോപ്പിംഗ് മാളിന് നൽകിയിരിക്കുന്നു* | 2.2 | |
| 15 | തൊഴിൽ നികുതി -ഈടാക്കുന്നതിൽ കുറവ്. | 2.3 | |
| 16 | *സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.* | 2.4 | |
| 17 | പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർണ്ണമല്ല | 2.5 | |

| | | |
|---|---|---|
| 18 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 2.6 |
| 19 | ഡി ആന്റ് ഓ ലൈസൻസ് നൽകുന്നതിലെ അപാകതകൾ | 2.7 |
| 20 | വസ്തു നികുതി നിർണ്ണയം- റിസോർട്ടുകൾ ഒഴിവാക്കിയത് | 2.8 |
| 21 | അനധികൃത നിർമ്മാണം - നികുതി നിർണ്ണയത്തിൽ നിന്ന് വിട്ടുപോയത് | 2.9 |

ഭാഗം - III

| | | |
|---|---|---|
| 22 | ഗുണഭോക്താക്യ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ-സമിതിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയില്ല-ചെലവ്തുക തടസപ്പെടുത്തുന്നു. | 3.1 |
| 23 | സർവ്വീസ് ടാക്സ് കണക്കാക്കുന്നില്ല | 3.2 |
| 24 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ -നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. | 3.3 |
| 25 | സർക്കാരിന്റെ അനുമതിയില്ലാതെ പ്രോജക്റ്റ് നടപ്പിലാക്കി | 3.4 |

| | | |
|---|---|---|
| | | |
| 26 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 3.5 |
| 27 | തനതുഫണ്ടിൽ അവശേഷിക്കുന്ന മറ്റ് ഫണ്ടുകൾ | 3.6 |
| 28 | വിമുക്തി പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിച്ചിട്ടില്ല | 3.7 |
| 29 | ODF പ്രോഗ്രാം-പ്രത്യേക ഘടക പദ്ധതി ഫണ്ട് - ചെലവിനത്തിന് പകരമുള്ള സർക്കാർ ഫണ്ട് എസ്.സി.പി മേഖലയിൽ ചെലവഴിച്ചിട്ടില്ല. | 3.8 |
| 30 | ആശ്രയപദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 3.9 |
| 31 | പാലിയേറ്റീവ്കെയർപ്രോജക്റ്റ്-വാഹനവാടകയിനത്തിൽ തുക നൽകിയത് - 10250 രൂപ നിരാകരിയ്ക്കുന്നു. | 3.10 |
| 32 | ആയുർവേദാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - ബിൽ പ്രകാരം നൽകിയതിൽ കുറവ് | 3.11 |
| 33 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3.12 |

| ഭാഗം - IV | | | |
|---|---|---|---|
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 | |
| 35 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4.3 | |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 | |

| | | | |
|---|---|---|---|
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4.5 | |
| 39 | ഓഡിറ്റ് റിക്കവറി | 4.6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4.7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4.9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 11.03.2016ൽ ചേർന്ന കമ്മിറ്റി 1 (1) നമ്പരായി അംഗീകരിച്ചു.ബജറ്റ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 7758282 | 5583039 | - | 2175243 |
| വരവ് | 118649000 | 43586470 | - | 75062530 |
| ആകെ | 126407282 | 49169509 | - | 77237773 |
| ചെലവ് | 122611500 | 43534624 | - | 79076876 |
| നീക്കിയിരിപ്പ് | 3795792 | 56348850 | 52553058 | - |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവും ഇല്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്. പഞ്ചായത്ത് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭരണസമിതിയും ഉദ്യാഗസ്ഥരും ശ്രദ്ധ പുലർത്തേണ്ടതാണ്.

03.03.17ലെ 3-ാം നം തീരുമാനപ്രകാരം റിവൈസ്ഡ് ബജറ്റ് പഞ്ചയത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | റിവൈസ്ഡ് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1342192 | 5583039 | - | |
| വരവ് | 130593385 | 43586470 | - | |
| ആകെ | 131935577 | 49169509 | - | |
| ചെലവ് | 130866832 | 43534624 | - | |
| നീക്കിയിരിപ്പ് | 1068743 | 56348850 | - | |

റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തമില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടിക്രമങ്ങൾ പാലിക്കാതെയാണ് റിവൈസ്ഡ് ബജറ്റും തയ്യാറാക്കിയിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 30.06.2017 | 27.06.17 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ

വിവരം

അനുബന്ധമായി ഉൾപ്പടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | ₹ 5583039/- |
| വരവ് | ₹ 43586470/- |
| ആകെ | ₹ 49169509/- |
| ചെലവ് | ₹ 43534624 /- |
| നീക്കിയിരുപ്പ് | ₹ 56348850/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | - | 1,07,10,225 | 1,07,10,225 | 1,07,10,225 | - |
| വികസനഫണ്ട് (എസ്.സി.പി) | - | 44,23,460 | 44,23,460 | 44,23,460 | - |
| വികസനഫണ്ട് (ടി.എസ്.പി) | - | 5,604 | 5,604 | 5,604 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 511535 | 511535 | 511535 | - |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 29,69,468 | 29,69,468 | 29,69,468 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 45,29,904 | 45,29,904 | 45,29,904 | - |
| ലോക ബാങ്ക് സഹായം | - | 20,79,899 | 20,79,899 | 20,79,899 | - |

വാർഷിക ധനകാര്യപത്രികയിന്മേലുള്ള അപാകതകൾ

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുകളുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദേശം പ്രാവർത്തികമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ പൂർണമായും സാംഖ്യയിൽ ഉൾപ്പടുത്തിയിട്ടില്ല. സ്ഥിര ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതും പൂർണമല്ല.

2. സ്റ്റോക്ക് & സ്റ്റോർസ് മൂല്യധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. VPFA-II(A), VPFA-II(B), II(C), III(റോഡ്, നോൺ റോഡ്), TSB, തനത് ഫണ്ട് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

4. കെട്ടിടനികുതി, പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വാടകയിനങ്ങളിലെ രജിസ്റ്റർ പ്രകാരമുള്ള തുകയും എ.എഫ്.എസിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5. ആസ്തികൾക്ക് ഡിപ്രീസിയേഷൻ നൽകകിയിട്ടില്ല. 2015-16 ലെ ബാലൻസ്ഷീറ്റിലെ B-11ഷെഡ്യൂളിലെ തുകയും 2016-17ലെ B-11ഷെഡ്യൂളിലെ തുകയും ഒന്നുതന്നെയാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 132 | 94 | - | 38 | 71 |

പദ്ധതി നിർവഹണ വിവരങ്ങൾ

| മേഖല | പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവാക്കിയ തുക |
|---|---|---|---|---|
| ഉല്പാദനം | 16 | 5435725 | 16 | 3756728 |
| സേവനം | 52 | 21432459 | 38 | 16762636 |
| പശ്ചാത്തലം | 64 | 15427121 | 40 | 8294420 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവാക്കിയ തുക |
|---|---|---|---|---|
| വനിത ഘടക പദ്ധതി | 7 | 2843000 | 7 | 2038000 |
| വൃദ്ധർ | 1 | 200000 | 1 | 200000 |
| ഭിന്നശഷിയുള്ളവർ, ദുർബല വിഭാഗത്തിൽപ്പെട്ടവർ | 1 | 25000 | 1 | 25000 |
| കുട്ടികൾ | 4 | 809200 | 4 | 764649 |
| പാലിയേറ്റീവ് കെയർ | 2 | 610000 | 2 | 610000 |
| യുവജന വികസന പരിപാടി | 2 | 1000000 | 2 | 817500 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 13 | 6696559 | 4621344 | 70 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 4617000 | 3888000 | 90 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 63 | 34 | 14982921 | 7168875 | 50 |
| കൃഷി ഓഫീസർ | 5 | 5 | 1542725 | 883728 | 60 |
| വെറ്ററിനറി സർജൻ | 9 | 9 | 3023000 | 2168000 | 80 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1100000 | 1100000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 290000 | 290000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 290000 | 290000 | 100 |
| വി.ഇ.ഒ. | 7 | 6 | 4630900 | 3695400 | 80 |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് | 7 | 6 | 2007200 | 1822149 | 90 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 2995000 | 2781288 | 93 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 120000 | 105000 | 88 |

## 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+/_) |
|---|---|---|---|---|
| നികുതി വരവുകൾ | 2999497 | 3012587 | 13090 | (+)0.43 |
| നികുതിയേതര വരവുകൾ | 547211 | 678991 | 131780 | (+)24 |
| ആകെ | 3546708 | 3691578 | 144870 | (+)4 |

പുതുക്കിയ വസ്തു നികുതി ചട്ട പ്രകാരം പുനർനിർണ്ണയിച്ച വസ്തു നികുതിയിൽ ഇളവ് അനുവദിച്ചത് (660 ചതുരശ്ര അടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കുകയും 2000 ചതുരശ്ര അടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ് ബാധകമാക്കാതിരിക്കുകയും ചെയ്തത്) പഞ്ചായത്തിന്റെ നികുതി വരവ് കുറയുന്നതിന് കാരണമായി.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | എണ്ണം | തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 43 | 455200 |
| 2 | തൊഴിൽരഹിത വേതനം | 426 | 382680 |
| 3 | വിധവാ പെൻഷൻ | 1437 | 1014051000 |
| 4 | വികലാംഗ പെൻഷൻ | 332 | 3104300 |
| 5 | വാർദ്ധക്യ പെൻഷൻ | 2621 | 26282500 |
| 6 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 15 | 159400 |
| 7 | വിധവകളുടെ പെൺമക്കൾക്ക് ധനസഹായം | ലഭ്യമാക്കിയിട്ടില്ല | 27000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്ബാലൻസ് പരിശോധന 24.06.2017 രാവിലെ 11 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 497/-രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.06.16-15.06.16 | 01.02.16-31.05.16 | 20.01.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1997-98-2001-02 | 02.07.2002-18.07.2002 | ലഭ്യമല്ല. |

## 1-11 ക്യാഷ് ബുക്ക് പരിപാലനം

ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ സ.ഉ. (കൈ) 177/2006 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തിലെ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പാലിച്ചിട്ടുണ്ട്.

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ന്യൂനതാ സാക്ഷ്യപത്രം

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല.

ത.സ്വ.ഭ.വ.വകുപ്പിന്റെ (ആർ.ഡി)14.10.11ലെ സ.ഉ.നം.19/2011/ത.സ്വ.ഭ.വ വിജ്ഞാപനം അനുസരിച്ച് ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി 1.4.11 പ്രാബല്യ തീയതി മുതൽ 500/-രൂപ നിരക്കിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 11 മൊബൈൽ ടവറുകളുണ്ട്. പ്രസ്തുത ടവറുകളുടെ 2013-14 മുതലുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ.

| ക്രമ നം. | മൊബൈൽ കമ്പനിയുടെ പേര്/നം. | കെട്ടിടഉടമയുടെ പേര്,വാർഡ് നം. ,കെട്ടിട നം. | വിസ്തീർണ്ണം (ചതുരശ്ര അടി) | നിർണ്ണയിച്ച നികുതി | ഈടാക്കാനുള്ള കുടിശ്ശികയുടെ വിവരം (വിസ്തീർണ്ണംx500x4)+5%L.C |
|---|---|---|---|---|---|
| 1 | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, 1/265/A | 28/33,18 B1 First floor | 45 | 22500 | 94500 |
| 2 | ടെലിവെഞ്ചർ 1/439/TT1 | കെ.രാമചന്ദ്രൻ നായർ രോഹിണി, കാപ്പിൽ | 40 | 20000 | 84000 |
| 3 | ബി.എസ്.എൻ.എൽ 1/439/TT1 | സുമം, ഉഷാര | 27 | 13500 | 56700 |
| 4 | ഭാരതി ഇൻഫ്രാടെൽ, 1/442/B | എൻ.എച്ച്. ബൈപാസ് കുണ്ടന്നൂർ,മാനാട് , കൊച്ചി | 40 | 2000 | 84000 |
| 5 | ടെലിവിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, 1/442/TT2 | കെ.രാജേന്ദ്രൻ, കെ.ആർ.ഭവൻ, കാപ്പിൽ | 35 | 17500 | 73500 |
| 6 | ഇൻഡസ് ടവർ ലിമിറ്റഡ്, 5/18 | 8-th floor,Vankarath towers,പാലാരിവട്ടംകൊച്ചി | 45 | 22500 | 94500 |
| 7 | വൈർലസ്സ്.റ്റി.റ്റി.ഇൻഫോ സർവീസ് ലിമിറ്റഡ്, 5/211/A | ജയൻ&സ്വർണ്ണലത, കളമിട്ടതിൽ, വെൺകുളം | 30 | 15000 | 63000 |

| | | | | | |
|---|---|---|---|---|---|
| 8 | ഇൻഡസ് പവർ ലിമിറ്റഡ്,6/35/A | 8th floor,Vengaruth building,പാലാരിവട്ടം, കൊച്ചി. | 45 | 22500 | 95400 |
| 9 | ഇൻഫ്രാടെൽ ലിമിറ്റഡ്,8/299/a | 8th floor,Vengaruth building,പാലാരിവട്ടം, കൊച്ചി. | 45 | 22500 | 95400 |
| 10 | ഭാരതി എയർടെൽ, 10/38/D | ഭാരതി ടവേഴ്സ് എസ്.എസ്.റോഡ്, കടവന്ത്ര | 45 | 22500 | 95400 |
| 11 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്,12/413B | H5/12 Qutab Ambience, മെഹ്റൂളിയ റോഡ്, ന്യൂഡെൽഹി | 45 | 22500 | 95400 |
| | | | | ആകെ | 931800 |

കുടിശ്ശികയുൾപ്പെടെയുള്ള തുക ഈടാക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വിമുക്തഭടൻമാരുടെ വീടിനുള്ള നികുതിയിളവ് ഷോപ്പിംഗ് മാളിന് നൽകിയിരിക്കുന്നു.

ജി.ഒ.(എം.എസ്) 242/2013ത.സ്വ.ഭ.വ 2.07.13-ാം നംx ഉത്തരവ് പ്രകാരം വിമുക്തഭടൻമാരുടെ ഉടമസ്ഥതയിലുള്ള തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് വസ്തുനികുതി ഇളവ് നൽകാവുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിമുക്തഭടന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് മാളിന് അനധികൃതമായി നികുതിയിളവ് അനുവദിച്ച് നൽകിയിരിക്കുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര്/മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗം |
|---|---|---|---|---|
| 1 | 15,മദ്രസ | 128 A | റഷീദ.എ.ഷുക്കൂർ,പ്ലോട്ട് നം .68, പി.റ്റി.പി.നഗർ | വാണിജ്യാവശ്യത്തിനുള്ള 200ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്. |

പ്രസ്തുത കെട്ടിട ഉടമയിൽ നിന്ന് നിയമാനുസൃതമുള്ള നികുതി ഈടാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി -ഈടാക്കുന്നതിൽ കുറവ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204(3) പ്രകാരം ഒരാൾക്ക് ഒരു അദ്ധവർഷം വീട്ട് വാടകബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്ത വരുമാനത്തിന്റെ മേലെയാണ് നികുതി നിർണ്ണയിക്കേണ്ടതാണ്.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ.

| ക്രമ നം. | പേര് | തസ്തിക/സ്ഥാപനം | അർദ്ധ വർഷം | ആകെ വരുമാനം | ഈടാ ക്കേണ്ട | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | നികുതി | | |
| 1. | ശ്രീമതി.ജി.ആർ സുനിതാ ദേവി | പി.റ്റി.എസ്., ഇടവ കൃഷി ഭവൻ | I | 88891 | 750 | 600 | 150 |
| 2. | ഡോ.രാജു | എം.ബി.എസ് ഡിസ്പെൻസറി, ഇടവ | I, II | രേഖപ്പെടുത്തിയിട്ടില്ല | 2500 | 1200 | 1300 |
| 3. | ഡോ.സുഗതൻ | എസ്.ബി. ആശുപത്രി,ഇടവ | I, II | രേഖപ്പെടുത്തിയിട്ടില്ല | 2500 | 600 | 1900 |

തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന തുക ഉദ്യോഗസ്ഥരിൽ നിന്നീടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

*1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാപഞ്ചായത്ത് മേഖലയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും സ്ഥാപനതൊഴിൽനികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.*

| സ്ഥാപനം | ഈടാക്കേണ്ടുന്ന അർദ്ധവർഷം | തുക |
|---|---|---|
| മാവേലി സ്റ്റോർ | 1 | 1250 |
| മിൽക്ക് സൊസൈറ്റി | 11 | 1250 |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 2-5 പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർണ്ണമല്ല

(i) 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 270, 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 എന്നിവ പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപ്പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ചട്ടം 5 പ്രകാരം, ഇത്തരം സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് രജിസ്ട്രേഷൻ പുതുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 270A, ചട്ടം നമ്പർ 8 എന്നിവ പ്രകാരം, മേൽ നിർദ്ദേശങ്ങൾ ലംഘിക്കുന്ന ഏതൊരാൾക്കും മേൽ 5000/- രൂപ വരെ ആകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500 രൂപ വരെ ആകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നിന്ന് നിയമാനുസൃതമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല.

(ii) 1998 ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആൻഡ് ഹാൻഡിലിംഗ്) ചട്ടങ്ങൾ പ്രകാരം ബയോ മെഡിക്കൽ വേസ്റ്റ് കാര്യക്ഷമമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് / സമ്മതപത്രം ഉള്ള സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാത്രമേ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തനാനുമതി നൽകാൻ പാടുള്ളൂവെന്ന് സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ 13.03.2012- ലെ G.O. (M.S.) 04/2012/Envt നമ്പർ ഉത്തരവ്, 17.05.2014- ലെ G.O. (M.S.) 05/2014/Envt നമ്പർ ഉത്തരവ്, 05.11.2012- ലെ എൻവയൺമെന്റ് (ബി) ഡിപ്പാർട്ട്മെന്റിന്റെ 3781 /ബി2/2011 /എൻവയൺമെന്റ് നമ്പർ സർക്കുലർ, 09.12.2011- ലെ 47724/ഡി.സി1/ 2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെച്ചേർക്കുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള അനുമതിയില്ലാതെ തന്നെ രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടുണ്ട്.

1. എസ്.ബി.ഹോസ്പിറ്റൽ (ഡോ.സുഗതൻ.കെ)

2. എം.ബി.എസ്.ഡിസ്പെൻസറി (ഡോ.എസ്.രാജു)

3. പാർവ്വതി ക്ലിനിക്കൽ ലബോറട്ടറി (അജിത്ത് കുമാർ.എസ്.)

4. കെ.ആർ.ക്ലിനിക്കൽ ലബോറട്ടറി (കെ.പി.അനിൽരാജ്.)

5. സെക്കണ്ട് കെയർ ഡെന്റൽ ക്ലിനിക്ക് (ഡോ.നദീൻ.നജീം

6. ബി.ക്യാന്റി ആയുർവേദിക്ക് സെന്റർ (ഡോ.മുഹമ്മദ് യാസീൻ)

(iii) 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പേ പുതുക്കേണ്ടതാണ്. എന്നാൽ ലൈസൻസ് പുതുക്കിയിട്ടുള്ള സ്ഥാപനങ്ങളെല്ലാം തന്നെ ഏപ്രിൽ, ജൂൺ, ജൂലൈയ് (2016) മാസങ്ങളിലാണ് പുതുക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളത്. സമയപരിധിയ്ക്കുള്ളിൽ തന്നെ രജിസ്ട്രേഷൻ പുതുക്കിനൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നിയമാനുസൃതമുള്ള രജിസ്ട്രേഷനില്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനത്തിന് പ്രവർത്തനാനുമതി നൽകിയതും, ബയോ മെഡിക്കൽ വേസ്റ്റ് കാര്യക്ഷമമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ രജിസ്ട്രേഷൻ പുതുക്കി നൽകിയതും അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

## 2-6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടില്ലയെന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. എക്സലന്റ് ട്യൂഷൻ സെന്റർ, ഇടവ

2. ശ്രീ.ശ്രീ.ട്യൂഷൻ സെന്റർ, ഇടവ

3. ടെക് നോമാറ്റ് ട്യൂഷൻ സെന്റർ, ഇടവ

4. എയിംസ് ട്യൂഷൻ സെന്റർ,ഇടവ

1999-ലെ കേരള പഞ്ചയത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടില്ലാത്തതാണ്. ടി. ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഡി ആന്റ് ഓ ലൈസൻസ് നൽകുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 158 വ്യാപാര സ്ഥാപനങ്ങളാണ് ഉള്ളത് .ഡിമാന്റ് രജിസറ്റർ,ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ 153 വ്യാപാര സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്.

2. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളും പരിശോധനയിൽ കാണുകയുണ്ടായി.

1. സുധാകരൻ,സുധീനാ കോട്ടേജ്, സ്റ്റേഷനറി

2. വിനീഷ് വിജയൻ,രോഹിണി വിഹാർ, ബേക്കറി

3. നസീർ, സുൽത്താനാ മൻസിൽ, ലേഡിസ് സ്റ്റോർ

4. നഹാസ്.എ, ചരുവിള പുത്തൻവീട്, ഫാൻസി സെന്റർ

5. സുനിതാ ബാബു, സുനിതാലയം, ഫർണ്ണിച്ചർ വ്യാപാരം

6. ഉഷകുമാരി, ചിത്തിര , സ്റ്റേഷനറി

7. ഷെമീദ.റ്റി., റാഫീ മൻസിൽ ,ചെരുപ്പ് വ്യാപാരം

8. മോഹനൻ, ദിവ്യാ ഭവൻ,ഹാർഡ് വെയർ

3. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം,ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസംമുമ്പ് സമർപ്പിക്കേണ്ടതാണ്.എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.ആകെ ലൈസൻസ് എടുത്തിട്ടുള്ള 153 പേരിൽ 3 പേർ മാത്രമാണ് ഈ സമയപരിധി പാലിച്ചിട്ടുള്ളത്.ചട്ടങ്ങൾ ലംഘിക്കുന്നതിന് 255-ാം വകുപ്പ് പ്രകാരമുള്ള പിഴ ചുമത്താവുന്നതാണ്.

4. ഡി ആന്റ് ഓ ലൈസൻസിനുള്ള ഭൂരിഭാഗം അപേക്ഷകളോടൊപ്പവും സ്ഥലനാമ സാക്ഷ്യപത്രം (30.01.2008-ലെ 4658/ RC32008/LSGD നമ്പർ സർക്കുലർ പ്രകാരം), പ്ലാസ്റ്റിക്ക് നിരോധന സാക്ഷ്യപത്രം (16.03.2007-ലെ GO(P)795/07/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം) എന്നിവ ഉൾക്കൊള്ളിച്ചിട്ടില്ല.

5. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

തുളസീധരൻ, കുഴിവിള,വെൺകുളം-സാമിൽ

സംസാർ സലാം, ലീനാ റോസ് മൻസിൽ,ഇടവ-പ്രിന്റിംഗ് പ്രസ്സ്.

6. കാലാവധി കഴിഞ്ഞ വാടക ചീട്ടുകൾ

താഴെച്ചേർക്കുന്ന വ്യാപാരികൾ സമർപ്പിച്ചിട്ടുള്ള വാടകച്ചീട്ടിന്റെ കാലാവധി കഴിഞ്ഞിട്ടുള്ളതാണ്.

1. സുൾഫിക്കർ, സൂഫിയ മൻസിൽ-ഫാൻസി,ഫുട് വെയർ വിൽപ്പന.(വാടക ചീട്ടിന്റെ കാലാവധി സെപ്റ്റംബറിൽ അവസാനിച്ചു.)

2. ഷിഹാബുദ്ദീൻ, തച്ചരി വിളാകം-ബേക്കറി(15.05.16 വരെ)

3. സലീന നാസർ , വെട്ടിക്കയിൽ, പുന്നക്കുളം -സ്റ്റേഷനറി(10.05.16 വരെ) വാടക കരാർ പുതിക്കി നൽകാൻ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

## 2- 8 വസ്തു നികുതി നിർണ്ണയം- റിസോർട്ടുകൾ ഒഴിവാക്കിയത് സംബന്ധിച്ച്

2013-14 ൽ നിലവിൽ വന്ന വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 2003-04,04-05, 2005-06 വർഷങ്ങളിൽ വസ്തു നികുതു നിർണ്ണയം നടത്തിയ താഴെപ്പറയുന്ന കെട്ടിടങ്ങളെ വസ്തു നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയതായി കണ്ടു. 2003-04, 2004-05, 2005-06 വർഷങ്ങളിൽ പാർപ്പിടാവശ്യമെന്ന രീതിയിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിങ്ങൾ പിന്നീട് ഘടനാപരമായ മാറ്റങ്ങൾ വരുത്തി റിസോർട്ടുകൾ ആയി പ്രവൃത്തിച്ചു വരികയാണ്. ടി കെട്ടിങ്ങളെ ഡിഡിപിയുടെ A1-5546/11/date 25.5.11 ഉത്തരവ് പ്രകാരം 2010-11 മുതൽ ഒഴിവാക്കിയതായി അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരവ് ലഭിച്ചില്ല. തീരദേശ പരിപാലന നിയമത്തിന് വിരുദ്ധമായി നിരസിച്ചതിനാലാണ് ടി കെട്ടിടങ്ങളെ ഒഴിവാക്കിയിട്ടുള്ളത്. ടി കെട്ടിടങ്ങളെ യു.എ നം. നൽകി 2013-14 മുതൽ നികുതി നിർണ്ണയം നടത്തേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ പേരു വിവരം | അസസ്മെൻറ് രജിസ്റ്റർ പ്രകാരം നൽകിയ നം. | ചുമത്തിയ നികുതി | ലൈബ്രറി സെസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | X, ഹുസൈൻ, കാട്ടിൽ ഓടയം, ഉദയം ബീച്ച് റിസോർട്ട് | 169/D | 302.40 | 15.60 |
| | | E | 302.40 | 15.60 |
| | | F | 302.40 | 15.60 |
| | | G | 302.40 | 15.60 |
| | | H | 302.40 | 15.60 |
| | | I | 302.40 | 15.60 |
| 2. | X,സൈഫുദ്ദീൻ, മേലേപീടികയിൽ, ഓടയിൽ, (മൂസാ ബീച്ച് റിസോർട്ട്) | 107F | 151.20 | 7.80 |
| | | G | 151.20 | 7.80 |
| | | H | 151.20 | 7.80 |
| | | I | 151.20 | 7.80 |
| | | J | 151.20 | 7.80 |
| 3. | X, സൈജുമോൾ,ഗിരിജാമന്ദിരം, നെടുങ്കണ്ട പി.ഒ,വർക്കല, (ഡ്രീവേവ് ബീച്ച് റിസോർട്ട്) | 38A | 189 | 10 |
| | | B | 189 | 10 |
| | | C | 189 | 10 |
| | | D | 189 | 10 |
| 4. | Xഹക്സർ,സീസ്പ്ളൻഡർബീച്ച് റിസോർട്ട്, ഓടയം, വർക്കല | 169J | 226.60 | 12.20 |
| 5. | Xമുഹമ്മദ് അൻവർ, ഓയാസിസ്, ഓടയം (ഒയാസിസ് ബീച്ച് റിസോർട്ട്) | 169K | 226.60 | 12.20 |
| | | M | 226.60 | 12.20 |
| | | N | 226.60 | 12.20 |
| | | O | 226.60 | 12.20 |
| | | P | 226.60 | 12.20 |
| | | Q | 226.60 | 12.20 |
| 6. | X നിസാമുദ്ദീൻ,റയിൻബോ,ബീച്ച് റിസോർട്ട്.ഓടയം | 152/B | 189.00 | 10.00 |
| | | C | 189.00 | 10.00 |
| | | D | 189.00 | 10.00 |
| | | E | 189.00 | 10.00 |
| | | F | 189.00 | 10.00 |
| | | G | 189.00 | 10.00 |
| 7. | Xമഹസൽ-ഷൈല, ആമിന,ഓടയം (ഫോയൽ പാം ബീച്ച് റിസോർട്ട് | 143 A1 | 189.00 | 10.00 |
| | | B1 | 189.00 | 10.00 |
| | | C | 189.00 | 10.00 |
| | | D | 189.00 | 10.00 |
| 8. | അബ്ദുൾ കരീം ഖയ്യാം, ഓടയം,വർക്കല<br>(മൈനാകം ബീച്ച് റിസോർട്ട്) | 197 C | 75.61 | 4.40 |
| | | D | 75.61 | 4.40 |
| | | E | 75.61 | 4.40 |
| 9. | X ജമിൽ ശ്രീധരൻ, അയിരൂർ, | 152 H | 226.80 | 12.20 |

| | | | | |
|---|---|---|---|---|
| | വർക്കല, (Blue Water Beach) | I | 226.80 | 12.20 |
| | | J | 226.80 | 12.20 |
| | | K | 226.80 | 12.20 |
| | | L | 226.80 | 12.20 |
| | | M | 226.80 | 12.20 |
| | | N | 226.80 | 12.20 |
| | | O | 226.80 | 12.20 |

ടി കെട്ടിടങ്ങൾക്ക് യു.എ നം നൽകി നികുതി നിർണ്ണയം നടത്തി വിവരം അറിയിക്കേണ്ടതാണ്.

യു.എ.നം. നൽകി നികുതി നിർണ്ണയിച്ച റിസോർട്ടുകൾ നാളിതുവരെ നികുതി അടവാക്കിയിട്ടില്ല. സഞ്ചയസോഫ്റ്റ് വെയർ പ്രകാരം അനധികൃത നിർമ്മാണം റിസോർട്ടുകൾ എന്ന രീതിയിൽ 79കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന റിസോർട്ടുകൾ നികുതി അടവാക്കിയിട്ടില്ല. (2013-14 മുതൽ 2016-17 വരെ) വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | റിസോർട്ടുടമ | വിസ്തീർണ്ണം (@80) | നിർണ്ണയിച്ച നികുതി | ആകെ കുടിശ്ശിക | L.C |
|---|---|---|---|---|---|---|---|
| 1 | 12 | 1/4A | തിലകൻ വേലായുധൻ അന്ന എൽസ മരിയ അനു, പുത്തൻവിള വീട് | 140m$^2$ | 11200 | 33600 | 840 |
| 2 | 12 | 2/4A | തിലകൻ വേലായുധൻ അന്ന എൽസ മരിയ അനു, പുത്തൻവിള വീട് | 110m$^2$ | 8800 | 26400 | 1320 |
| 3 | 12 | 3/4A | അഷറഫ്,തച്ചൂസ് ആരിഫ,തെക്കേ തൊടിയിൽ | 100m$^2$ | 8000 | 24000 | 1200 |
| 4 | 12 | 4/4A | ഷാക്കുട്ടി, പറങ്കിമാവിള | 90m$^2$ | 7200 | 21600 | 1080 |
| 5 | 12 | 5/4A | താസിം, കല്ലാഴി | 70m$^2$ | 6160 | 18480 | 924 |
| 6 | 12 | 6/4A | അസീന,കുപ്പ വിളാകം | 100m$^2$ | 8800 | 26400 | 1320 |
| 7 | | 7/4A | അർഷാദ്, | 35m$^2$ | 2800 | 8400 | 420 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | തെക്കേ വയലതുടി | | | | |
| 8 | | 8/4A | താസിം,തനിമ ബീച്ച് റിസോർട്ട് | $160m^2$ | 14080 | 42240 | 2112 |
| 9 | | 10/4A | അബ്ദുൾ അസീസ്,സങ്കല്പം | $30m^2$ | 2640 | 7920 | 396 |
| 10 | | 11/4A | അബ്ദുൾ അസീസ്,സങ്കല്പം | $30m^2$ | 2640 | 7920 | 396 |
| 11 | | 12/4A | അബ്ദുൾ അസീസ്,സങ്കല്പം | $30m^2$ | 2640 | 7920 | 396 |
| 12 | | 13/4A | അബ്ദുൾ അസീസ്,സങ്കല്പം | $30m^2$ | 2640 | 7920 | 396 |
| 13 | 15 | 396 | സുമതി റിസോർട്സ്, കമ്പനി 224, നരിമാൻ അപാർട്ട്മെന്റ് | $106.43\ m^2$ | 10216 | 10218 | 511 |
| 14 | 15 | 397 | സുമതി റിസോർട്സ്, കമ്പനി നരിമാൻ അപാർട്ട്മെന്റ് | $56.75m^2$ | 4994 | 4994 | 250 |
| 15 | 15 | 397/A | സുമതി റിസോർട്സ്, കമ്പനി നരിമാൻ അപാർട്ട്മെന്റ് | $41.35m^2$ | 3308 | 3308 | 166 |
| 16 | 15 | 555 | ഫാസിൽ, ഇടയിൽ വീട്, വെൺകുളം | $23.4m^2$ | 1872 | 1872 | 94 |
| 17 | 15 | 1/4A | മെഹബൂബ്, മാങ്കൂട്ടംതൊടി | $104m^2$ | 7488 | 22464 | 1124 |
| 18 | 15 | 3/4A | മാങ്കൂട്ടംതൊടി | $104m^2$ | 7488 | 22464 | 1124 |

ടി റിസോർട്ടുടമകളിൽ നിന്ന് നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 അനധികൃത നിർമ്മാണം-നികുതി നിർണ്ണയത്തിൽ നിന്ന് വിട്ടുപോയത്.

(1) ഷറഫുദ്ദീൻ, ശ്രീയേറ്റ്, ഇടവ, ജഗാംഗീർ, ചാമേറ്റ്, ഇടവ, ഷീന പാറയിൽ പുത്തൻ വീട് എന്നിവരുടെ ഉടമസ്ഥതയിലുള്ള റിസോർട്ടുകൾ അനധികൃതനിർമ്മാണം എന്ന നിലയിൽ പൊളിച്ചു കളയുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി കക്ഷികൾ ബഹു. ഹൈക്കാടതിയെ സമീപിക്കുകയും ബഹു.ഹൈക്കോടതി എൽ.എസ്.ജി.ഡി. ഗവ. സെക്രട്ടറിയ്ക്ക് ഇത് സംബന്ധിച്ച് നിയമവിധേയമായ നടപടികൾ എടുക്കുന്നതിനും ഉത്തരവായിട്ടുള്ളതാണ്.എന്നാൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.ടി അനധികൃത നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും യു.എ.നം നല്കി നികുതിനിർണ്ണയം നടത്തിയിട്ടില്ല. ടി കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞിട്ടില്ലാത്തതിനാൽ യു.എ.നമ്പർ നൽകി നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(2) ഹൈക്കോടതിയിൽ നൽകിയ WP(C)23231/20B(S) നം കേസിൽ വാദി ഭാഗത്ത് ചേർന്നിട്ടുള്ള താഴെപ്പറയുന്ന റിസോർട്ടുകൾക്കും യു.എ.നം നൽകി നികുതി നിർണ്ണയം നടത്തിയിട്ടില്ല.

1. ഫസ്റ്റ് ചോയിസ് റിസോർട്ട് ഉദയം ബീച്ച്,ഇടവ (പ്രേമ നായർ, സന്ധ്യ, ഓടയം)

2. ഹലീമ ബീച്ച് റിസോർട്ട്, ഓടയം,വർക്കല(സലീന)

3. പുളിമൂട് ബീച്ച് റിസോർട്ട്, ഓടയം(ജുനൈദ)

4. പിങ്കാന ബീച്ച് റിസോർട്ട് ,ഓടയം (തിലകൻ,വേലായുൻ)

5. ക്രിസ്റ്റൽ പാലസ് ബീച്ച് റിസോർട്ട്, ഓടയം (ഫസീല)

6. സോനാ ബീച്ച് റിസോർട്ട് ,ഓടയം(സുനിൽ കുമാർ)

7. ഓടയം ബീച്ച് റിസോർട്ട് (അബ്ദുൾ അസീസ് )

8. അസ്തമയ ബീച്ച് റിസോർട്ട് ,ഓടയം(ബാലകൃഷ്ണഭട്ട്)

9. പാലയ ബീച്ച് റിസോർട്ട് ,ഓടയം(നസറുദ്ദീൻ)

10. തനിമ ബീച്ച് റിസോർട്ട് ,ഓടയം(താസിം)

അനധികൃതനിർമ്മാണം എന്ന നിലയിൽ നമ്പർ നല്കി നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർവ്വീസ് ടാക്സ് കണക്കാക്കുന്നില്ല.

2016-17വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയുടെ ബില്ല് പരിശോധിച്ചതിൽ ടി.പ്രവൃത്തിയുടെ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് ടാക്സ് കണക്കാക്കിയിട്ടില്ല. സർവ്വീസ് ടാക്സ് ചട്ടം (Determination of value) 2006 ലെ ചട്ടം 2A അനുസരിച്ച് ഒറിജിനൽ വർക്ക് ചെയ്യുമ്പോൾ വേലമൂല്യത്തിന്റെ 40% ന്റെ 15% ഉം പുനരുദ്ധാരണ (മെയിന്റനൻസ്-റിപ്പയർ or recandi or restoration or servicing of any goods) പ്രവൃത്തികളിൽ 70% ത്തിന്റെ 15% വുമാണ് സർവ്വീസ് റിസീവർ സർവ്വീസ് ടാക്സായി അടവു വരുത്തേണ്ടത്. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് പേര്/നം./കരാറുകാരൻ | പ്രവൃത്തിമൂല്യം | സർവ്വീസ് ടാക്സ് |
|---|---|---|---|
| 1 | ആയുർവേദആശുപത്രി ഇലക്ട്രിഫിക്കേഷൻ & പ്ലംബിംഗ് പ്രോജക്റ്റ് നം :95/17, വിജയൻ | 36470<br>( 70% of 36470 | 3829<br>(15% of |

| | | | |
|---|---|---|---|
| | | = 25529) | 25529) |

ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 3-2 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതുവരെ തിരികെ ലഭിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം മുതൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുകകൾ നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ (പി) 3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില അടങ്കൽ തുകയുടെ 0.2% (കുറഞ്ഞത് 500 രൂപ) എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. എന്നാൽ 2016-17 വർഷം മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2015-16 (7 പ്രവൃത്തികൾ) | 26040 |
| 2016-17 (1പ്രവൃത്തി) | 2940 |
| ആകെ | 28980 |

2015-16 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഉൾപ്പടെ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ തുക വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-3 പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ -നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

2016-17വർഷത്തിൽ കരാർ ഉടമ്പടി വച്ച താഴെപ്പറയുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | പാർട്ട് ബില്ല് തുക | ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 1. | ശ്രീയേറ്റ് എസ്.എഫ്.എ മൻഷാലയം | 320505/- | 162577/- (ടാർ വാങ്ങാൻ നൽകിയത് ടാർ | 157938/- |

| | | | | |
|---|---|---|---|---|
| | റോഡ് റീ-ടാറിംഗ് | | ലഭ്യമാക്കിയിട്ടില്ല.) | |
| 2. | മേടയിൽ കുരുവിക്കടവ് റോഡ് റീടാറിംഗ് | 447910/- | 63540/- | 384370/ |

ടി പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

## 3-4 സർക്കാരിന്റെ അനുമതിയില്ലാത്ത പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് നം :S0086/17

പേര് :ജനങ്ങൾക്ക് വൈ-ഫൈ സേവനം ലഭ്യമാക്കുക

അടങ്കൽ തുക :402500/-

ചെലവ് തുക :402500/-

ഫണ്ടിനം :വി.ഫ.ജനറൽ

നിർവഹണം :സെക്രട്ടറി

ബിൽ നം/തീയതി :520/760145/21.02.17

ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുന്നതിന് ഒരു വർഷത്തെയ്ക്ക് ബി.എസ്.എൻ.എൽ.എസ്റ്റിമേറ്റ് പ്രകാരം രൂപ ഒടുക്കുന്നു. ഇതു വഴി ജനങ്ങൾക്ക് കൂടുതൽ സുഗമവും സുതാര്യവുമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.

പ്രോജക്റ്റ് പ്രകാരം 402500/-രൂപ ബി.എസ്.എൻ.എല്ലിൽ ഒടുക്കുകയും ഗ്രാമപഞ്ചായത്തിലെ നാല് പ്രധാനപ്പെട്ട കവലകളിൽ വൈ-ഫൈ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൈ-ഫൈ സ്ഥാപിച്ച സ്ഥലങ്ങൾ | ബാന്റ് വിഡ്ത്ത് |
|---|---|---|
| 1. | പഞ്ചായത്ത് ഓഫീസ് | 4 Mbps |
| 2. | വെൺകുളം ബസ്സ് സ്റ്റാന്റ് | 4 Mbps |
| 3. | ഇടവ ഹൈസ്കൂൾ ജംഗ്ഷൻ | 4 Mbps |
| 4. | പാലക്കാവ് ജംഗ്ഷൻ | 4 Mbp |

പ്രോജക്റ്റ് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വൈ.ഫൈ.നൽകൽ പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത ഇനമാണ്.

2. ബി.എസ്.എൻ.എൽ ഗ്രാമപഞ്ചായത്തുമായി വച്ച കരാർപ്രകാരം വൈ.ഫൈ.സൗകര്യം തുടർച്ചയായി ലഭ്യമാക്കണമെങ്കിൽ വരും വർഷങ്ങളിൽ ബി.എസ്.എൻ.എൽ നിശ്ചയിക്കുന്ന നിരക്കിലുള്ള തുക ഒടുക്കേണ്ടതാണ്.

ഇത് പഞ്ചായത്തിന് ഒരധിക ബാധ്യതയായി മാറുന്നതായിരിക്കും. പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പ്രോജക്റ്റ് നടപ്പിലാക്കിയത് മാർഗ്ഗരേഖയുടെ ലംഘനമാണ്. ആയത് നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായിരുന്നു. സർക്കാരിന്റെ അനുമതി ഇല്ലാതെയാണ് പ്രോജക്റ്റ് നടപ്പിലാക്കിയത്. സർക്കാർ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുള്ള ജനോപകാരപ്രദമായ പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം :S0029/17

പേര് :സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ

അടങ്കൽ തുക :1000000/-

ചെലവ് തുക :999940/-

ഫണ്ടിനം :ധനകാര്യകമ്മീഷൻ ഗ്രാന്റ്.

നിർവഹണം :സെക്രട്ടറി

ബിൽ നം/തീയതി :520/760134/28.01.17

ഗ്രാമപഞ്ചായത്തിലെ വിദൂരപ്രദേശത്തും വൈദ്യുതി എത്തിക്കുക എന്നതാണ് പ്രോജക്റ്റിന്റെ ലക്ഷ്യം. പ്രവൃത്തി പൂർത്തീകരണത്തിനായി 999940/-രൂപ ഇടവ ഇലക്ട്രിക്കൽ സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. (1/24.06.17)യുടെ മറുപടിയിൽ പ്രവൃത്തിയുടെ 40% പൂർത്തീകരി ച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കു ന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 999940/-രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 തനതുഫണ്ടിൽ അവശേഷിക്കുന്ന മറ്റ് ഫണ്ടുകൾ

വിവിധ പദ്ധതികളുടെ പഞ്ചായത്തുതല നടത്തിപ്പിനായി കേന്ദ്ര -സംസ്ഥാന സർക്കാരുകളും വിവിധ ഏജൻസികളും നൽകിയ രൂപ പ്രസ്തുത ആവശ്യങ്ങൾക്ക് വിനിയോഗിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു (B-4 Schedule പ്രകാരമുള്ളത്). വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അവശേഷിക്കുന്ന തുക |
|---|---|---|
| 1 | PYCKA | 440000 |
| 2 | ഐ.സി.ഡി.എസ്. | 1110641 |
| 3 | ശുചിത്വമിഷൻ ഗ്രാന്റ് | 1651622 |

| | | |
|---|---|---|
| 4 | ലിറ്ററസി സ്കീം ഗ്രാന്റ് | 193800 |
| 5 | ലൈബ്രറി ഗ്രാന്റ് | 25460 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. (7/30.06.17)യുടെ മറുപടിയിൽ വിവിധ പദ്ധതികളുടെ നിർവഹണത്തിനായി തുക ചെലവഴിച്ചിട്ടുണ്ടെന്നും പ്രത്യേക എൻട്രിയിലൂടെ ചെലവ് രേഖപ്പെടുത്തി വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ക്രമീകരിക്കാത്തതിനാലാണ് ഇത്തരം അപാകത ഉണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടുകളിലെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | PYCKA | 440000 | - | 440000 | - | 440000 |
| 2 | ഐ.സി.ഡി.എസ്. | 172827 | 937814 | 1110641 | 817005 | 293636 |
| 3 | ശുചിത്വമിഷൻ ഗ്രാന്റ് | 237383 | 1414239 | 1651622 | 905823 | 746339 |
| 4 | ലിറ്ററസി സ്കീം ഗ്രാന്റ് | - | 193899 | 193800 | 193800 | - |
| 5 | ലൈബ്രറി ഗ്രാന്റ് | - | 25460 | 25460 | 9880 | 15580 |

PYCKA സ്കീം ഗ്രാന്റ് 30.06.15 ന് സ്കൂളുകളിൽ PYCKAകളിസ്ഥലം നിർമ്മിക്കുന്നതിന് പഞ്ചായത്തിന് ലഭിച്ച തുകയാണ്.സ്കൂളുകളിൽ സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാലാണ് തുക നാളിതുവരെയും ചെലവഴിക്കാത്തത്. (അവലംബം - ഓഡിറ്റ് എൻക്വയറി നം:7 മറുപടി.) വാർഷികധനകാര്യപത്രികയിലെ അപാകത പരിഹരിക്കേണ്ടതും വിവിധ ആവശ്യങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകൾ അതിനായി ചെലവഴിക്കേണ്ടതുമാണ്.

## 3-7 വിമുക്തി പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിച്ചിട്ടില്ല

പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരായ ബോധവൽക്കരണ ക്യാമ്പുകളും സാമൂഹ്യ പ്രസക്തിയുള്ള പരിപാടികളും സംഘടിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പ് രൂപം കൊടുത്ത 'വിമുക്തി' പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച 25000 രൂപ നാളിതുവരെയും ചെലവഴിച്ചിട്ടില്ല. തുക റ്റി.എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ലഹരിയുടെ വിപത്തിനെ ചെറുക്കുന്നതിനും അതുവഴി പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുമുള്ള ഈ പദ്ധതി ഒരു ഉത്തരവാദിത്തമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-8 ODF പ്രോഗ്രാം-പ്രത്യേകഘടക പദ്ധതി ഫണ്ട് - ചെലവിനത്തിന് പകരമുള്ള സർക്കാർ ഫണ്ട് എസ്.സി.പി മേഖലയിൽ ചെലവഴിച്ചിട്ടില്ല.

സംസ്ഥാനത്തെ പൂർണ്ണമായും ODF (Open defication free) ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി പഞ്ചായത്തുകൾക്ക് തങ്ങളുടെ വികസന ഫണ്ടിൽ നിന്നും അധിക തുക വകയിരുത്തി പ്രോജക്ട് നിർവ്വഹണം നടത്തുന്നതിനും പിന്നീട് സർക്കാരിൽ നിന്നും പഞ്ചായത്തുകൾക്ക് ഫണ്ട് റീ ഇംബേഴ്സ്മെന്റ് ചെയ്ത് നൽകുന്നതിനും സ.ഉ(സാധാ)2537/16/ത.സ്വ.ഭ.വതീയതി 27/08/16 പ്രകാരം അനുമതി

നൽകിയിരുന്നു. ഇതനുസരിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 30ഗുണഭോക്താക്കൾക്കും, പൊതു വിഭാഗത്തിൽപ്പെട്ട 146 ഗുണഭോക്താക്കൾക്കും സാനിട്ടേഷൻ യൂണിറ്റ് അനുവദിക്കുന്നതിനായി ഒന്നിന് 15400 എന്നക്രമത്തിൽ 462000/ രൂപ പ്രത്യേകഘടക പദ്ധതി ഫണ്ടിൽ നിന്നും, 2248400രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. ഇതിന് പകരമായി ശുചിത്വമിഷൻ മുഖേന സ്വച്ച് ഭാരത് മിഷൻ ഫണ്ടിനത്തിൽ ചുവടെ ചേർക്കുന്ന തുകകൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തുക | നമ്പർ/ തീയതി |
|---|---|---|
| 1 | 936000 | 3925/DSM/Tvpm/16 dtd.05/01/2017 |
| 2 | 468000 | 3925/DSM/Tvpm/16 dtd.15/03/2017 |
| ആകെ | 1404000 | |

ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1404000/- രൂപ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് നിക്ഷേപിക്കുന്ന ഇടവ സർവീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചി രിക്കുകയാണ്. ഈ തുകയിൽ എസ്.സി.പി വിഹിതമായ 462000/ രൂപ ഉപയോഗിച്ച് എസ്.സി.പി മേഖലയിൽ 2017-18 വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല.ആയതിനാൽ പ്രത്യേക ഘടക പദ്ധതി ഫണ്ട് ചെലവഴിച്ചതിന് പകരമായി ലഭിച്ച ഫണ്ടുപയോഗിച്ച് ആ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി-ലക്ഷ്യം കൈവരിച്ചിട്ടില്ല

നിരാലംബരും അഗതികളുമായ ആശ്രയ ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള പദ്ധതിപ്രവർത്തനം കാര്യക്ഷമമല്ല. ലഭ്യമായ ഫണ്ടുപോലും വിനിയോഗിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഒന്നാംഘട്ട പദ്ധതി 2013(2013-16)ൽ ആരംഭിച്ചു. 185 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിലുള്ളത്. 2013-16 വർഷത്തേയ്ക്ക് ആരംഭിച്ച ആശ്രയപദ്ധതിയുടെ അടങ്കൽ താഴെപ്പറയും പ്രകാരമാണ്.

ചലഞ്ച് ഫണ്ട് - 867196

DF - 5175000

തനതുഫണ്ട് - 192500

NREGS - 74620

ആകെ -6309316

വികസനഫണ്ടിൽ നാളിതുവരെ 4450000/- രൂപ വകയിരുത്തിയെങ്കിലും രൂപ 33,75,000/-മാത്രമാണ് ചെലവഴിച്ചത്.

2012-13 മുതൽ 2016-17 വരെ ആശ്രയപദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| വീട് നിർമ്മാണം | 12 | 30,00,000 | 2,225,000 |
| വീട് പുനരുദ്ധാരണം | 18 | 3,25,000 | 1,00,000 |

| | | | |
|---|---|---|---|
| കിണർ നിർമ്മാണം | 30 | 5,25,000 | 0 |
| കക്കൂസ് നിർമ്മാണം | 35 | 2,67,120 | 0 |
| വിദ്യാഭ്യാസം | 22 | 66,000 | 17,000 |
| ചികിത്സ | 19 | 2,70,000 | 0 |
| വസ്തുവാങ്ങൽ | 8 | 12,00,000 | 21,820 |
| ഭക്ഷണം | 41 | 4,97,610 | 2,77,602 |

2013-14 മുതൽ 2015-16 വരെ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 2012-13 | വസ്തുവാങ്ങൽ | 600000 | 0 |
| | | വീട് നിർമ്മാണം | 500000 | 0 |
| 2 | 2013-14 | വസ്തുവാങ്ങൽ | 1200000 | 1050000 |
| | | വീട് നിർമ്മാണം | 750000 | 350000 |
| 2 | 2014-15 | ഭവനനിർമ്മാണം | 1900000 | 1600000 |
| 3 | 2015-16 | ഭവനനിർമ്മാണം | 300000 | 275000 |
| | | ഭവന പുനരദ്ധാരണം | 325000 | 100000 |

പദ്ധതിവിഹിതം ഇനത്തിൽ വകയിരുത്തേണ്ടിയിരുന്ന 5175000/- രൂപയിൽ വിവിധ വർഷങ്ങളിലായി വകയിരുത്തിയത് 4450000/- രൂപയും ചെലവ് രൂപയും3375000/- മാത്രമാണ്. ടി.പദ്ധതിയുടെ മേൽ നോട്ടം മോണിട്ടറിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിട്ടറിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ICDS സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ്. അംഗം, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിട്ടറിംഗ് സമിതി അംഗങ്ങൾ. ഗ്രാമപഞ്ചായത്തിൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. 2016-17 വർഷം മോണിട്ടറിംഗ് സമിതി യോഗം ചേർന്നിട്ടില്ല.

സമിതി കൃത്യമായി യോഗം ചേരുകയും പദ്ധതി പ്രവർത്തനം വിലയിരുത്തുകയും മതിയായ ഫണ്ട് ലഭ്യമാക്കുകയും ആശ്രയ ഗുണഭോക്താക്കളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. ചലഞ്ച് ഫണ്ടിൽ നിന്നും ഭക്ഷണവിതരണം, വസ്ത്രം, വിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങൾ 2016-17 വർഷം നടത്തിയിട്ടില്ല. ടി ഫണ്ടിൽ 646848/- രൂപ നീക്കിയിരിപ്പായി ഉണ്ട്. ടി തുകയും ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

## 3-10 പാലിയേറ്റീവ് കെയർ പ്രോജക്റ്റ് -വാഹനവാടകയിനത്തിൽ തുക നൽകിയത് - 10250/- രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് നം :SOO39/17

പേര് :പാലിയേറ്റീവ് കെയർ

അടങ്കൽ തുക :400000/-

ചെലവ് തുക :299275

ഫണ്ടിനം :വി.ഫ.ജനറൽ

ബിൽ നം/തീയതി :1/23.11.16

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പ്രോജക്റ്റുമായി ബന്ധപ്പെട്ട് നടത്തിയ ഹോംകെയർ വിസിറ്റിന് വാഹന വാടകയിനത്തിൽ തുക നൽകിയത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

| ഹോംകെയർ വിസിറ്റ് തീയതി | വാഹന നമ്പർ (വൗച്ചർ പ്രകാരം) | നൽകിയ തുക രൂപ | വാഹനം (വൗച്ചർ പ്രകാരം) | വാഹനം (മോട്ടോർ വാഹനവകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം) |
|---|---|---|---|---|
| 17.03.2016 | KL-01-J-1047 | 700 | ടൂറിസ്റ്റ് ടാക്സി | എൽ.എം.എൽ.വെസ്പ സ്കൂട്ടർ |
| 21.03.2016 | ,, | 700 | ,, | ,, |
| 26.03.2016 | KL-01-L-6414 | 700 | ,, | സുസുക്കിസമുറായി ബൈക്ക് |
| 28.03.2016 | KL-01-J-1047 | 700 | ,, | എൽ.എം.എൽ.വെസ്പ സ്കൂട്ടർ |
| 30.03.2016 | ,, | 700 | ,, | ,, |
| 04.04.2016 | ,, | 700 | ,, | ,, |
| 10.04.2016 | ,, | 700 | ,, | ,, |
| 16.04.2016 | ,, | 700 | ,, | ,, |
| 18.04.2016 | ,, | 700 | ,, | ,, |
| 21.04.2016 | ,, | 700 | ,, | ,, |
| 27.04.2016 | ,, | 700 | ,, | ,, |
| 28.04.2016 | ,, | 700 | ,, | ,, |
| 29.04.2016 | ,, | 700 | ,, | ,, |
| 04.05.2016 | ,, | 700 | ,, | ,, |
| 05.05.2016 | KL-25B-8284 | 450 | ഓട്ടോറിക്ഷ | മഹീന്ദ്ര ഡ്യൂറോ സ്കൂട്ടർ |

| | | | | |
|---|---|---|---|---|
| 13.05.2016 | ,, | 350 | ,, | ,, |
| 20.05.2016 | ,, | 350 | ,, | ,, |

ടി അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വണ്ടി നമ്പർ എഴുതിയതിന്റെ പാകപ്പിഴ എന്ന വിശദീകരണമാണ് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയത്. ടി മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ വാഹന വാടകയിനത്തിൽ നൽകിയ 10250/- രൂപ നിരാകരിയ്ക്കുന്നു.

## 3-11 ആയുർവേദാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ -ബിൽ പ്രകാരം നൽകിയതിൽ കുറവ്

പ്രോജക്റ്റ് നം :72/1

അടങ്കൽ തുക :290000/-

ചെലവ് തുക :290000/-

ഫണ്ടിനം :.മെയിന്റനൻസ് ഫണ്ട് നോൺ റോഡ്.

ബിൽ നം/തീയതി :GP/16-17/06.01.17

ആയുർവേദമരുന്ന് വാങ്ങുന്നതിനായി 290000 രൂപ പിൻവലിച്ച് ഔഷധിക്ക് നൽകിയിട്ടുണ്ട്. ഔഷധിയുടെ ബിൽ പ്രകാരം 136133/-രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. അതിൽ തന്നെ മുറിവെണ്ണ, പടോലമൂലാദി ചൂർണ്ണം എന്നിവയ്ക്ക് ബില്ലിൽ തുക നൽകിയിട്ടുണ്ടെങ്കിലും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

മുറിവെണ്ണ 200ml 146 bottle @ 72=10512/-(ബിൽ നം .2514/31.03.17,തുക-62267)

പടോലമൂലാദി sc 500 gm 12 packet @94=1128(ബിൽ നം.1755/07.02.17,തുക-73866)

ഔഷധിക്ക് നൽകിയ290000/-രൂപയിൽ 136133/-രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്.ബാക്കിയുള്ള 153867/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനും കുറവായി ലഭിച്ച മരുന്നുകൾ കൂടി ഇതോടോപ്പം ലഭിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17 വർഷം അംഗീകാരം ലഭിച്ച പദ്ധതിയിൽ എണ്ണം പൂർത്തിയാക്കി. പ്രവൃത്തികൾ നടന്നുവരുന്നു (IAY). ഓഡിറ്റ് വർഷം 173 തൊഴിൽ കാർഡുകൾ വിതരണം ചെയ്തു. രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ -173

സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ -45109

ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി -43

തൊഴിൽ ദിനങ്ങൾ

100 തൊഴിൽ ദിനം ലഭ്യമായ -19

കുടുംബങ്ങളുടെ എണ്ണം

(1). പരമ്പരാഗത ജലസ്രോതസ്സുകളുടെ ധനസഹായം (36 എണ്ണം), ജലസംരക്ഷണ പ്രവൃത്തികൾ (മഴക്കുഴി നിർമ്മാണം) 25, ഭൂവികസനം 11, മരംവച്ച് പിടിപ്പിക്കൽ 4എണ്ണം എന്നീ പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. എൻ.ആർ.ഇ.ജി.എസ് ഫണ്ട് വിനിയോഗം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|

| | | | |
|---|---|---|---|
| മുന്നിരിപ്പ് | 1982 | ഇ.എഫ്.എം.എസ് | 2980318 |
| ബാങ്ക് പലിശ | 893 | ഭരണചെലവുകൾ | 1051067.23 |
| ഇ.എഫ്.എം.എസ് | 2980318 | | |
| ഭരണചെലവുകൾ | 1051012 | | |
| ആകെ | 4034205 | ആകെ | 4031385.23 |
| നീക്കിയിരിപ്പ് | | 2819.77 | |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ / ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | - | 999940 | - | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | - |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ/ വൗച്ചർ നം | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

(i) വായ്പ / വിനിയോഗം/ വീഴ്ചകൾ എന്നിവയുടെ വിവരം

| 2016-17-ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|
| ഇല്ല | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാ) നം.320/ 2010/ ത.സ്വ.ഭ.വ തീ.29.01.2010 | 13480500 | 2054980 | 684894 | _ | 1370086 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

2016-17 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| നിരതദ്രവ്യം | ഇല്ല |
| സെക്യേർഡ് ഡിപ്പോസിറ്റ് | |
| റിടെൻഷൻ തുക | |
| മറ്റുള്ളവ | |
| ആകെ | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./തീയതി |
|---|---|---|---|---|
| 2105-16 | 3.11, B (iii) | 360 | തൊഴിൽ നികുതി,ശ്രീ.ഗുരുദേവ ട്യൂഷൻ സെന്റർ | 1160810350/ 23.07.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | . |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ)* സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43586470 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43534624 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 999940 |

(ബി) *പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(സി)* ക്രമാനുസരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

(ഡി) *സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ*

ഇല്ല

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 999940 | ശ്രീ.അനിൽകുമാർ.ആർ.എസ്.<br>സെക്രട്ടറി |

(എഫ്) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ജി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ

ഇല്ല

(എച്ച്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡി കകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/566/2000തീയതി09.11.2000/07.02.2001 | 1 | 21(E) |

| | | | |
|---|---|---|---|
| 1999-2000 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/26 /2002/തീയതി25.09.2002/11.12.2002 | 1 | 31 |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/211 /2002തീയതി18.07.2014 | 1 | 27 |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.9/ 146/2003 /തീയതി18.07.14 | 1 | 35 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.9/ 1074/2004തീയതി 18.07.14 | 2 | 7(2),11(1,2,3) |
| 2003-04 | എൽ.എ ഫ്. റ്റി. ഡി.ജി.പി.9/ 1484/2004, തീയതി18.07.14 | 1 | 3.5(3) |
| 2005-06 | എൽ.എഫ്.റ്റി.ഡി. ജി.പി.7/ 8508/ 2008, തീയതി18.07.2014 | 5 | 3.4,3.6,3.7, 3.8,3.9 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.7/ 8508/08, തീയതി 18.07.14 | 5 | 3.5,3.6,3.7, 3.8,3.9 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.7/934/09, തീയതി 18.07.14 | 1 | 3.3 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.7/ 1175/2012, തീയതി 18.07.14 | 3 | 3.1,3.2,3.3 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.7/ 1176/2012 തീയതി 18.07.14 | 2 | 2.2, 3.2 |
| 2010-11 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.7/80/201, തീയതി 08.01.2015 | 7 | 2.1,3.1,3.2, 3.4,4.1,4.3, 4.4 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.7/2549/14, തീയതി 23.12.14 | 11 | 2.1(എ), 2.1(ബി), 3.1,3. 2,3.3, 3.5,3.7 ,3.8,3.9, 3.12,4.1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/ 1097/15തീയതി 19.10.15 | 11 | 2.1,3.1, 3.2, 3.3,3.4, 3,5,3.6, 3.7,3.8, 3.9,3.10 |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ. റ്റി.വി. എം.ജി.പി.7/ 1379/2016 | 11 | 2.1,3.1, 3.2,3.3, 3.4,3,5, 3.6, 3.7,3.8, 3.9,3.10 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/ 1917/2016,തീയതി 07.11.16 | | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടവ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ ഇടവ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകൾ

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുകളുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദേശം പ്രാവർത്തികമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ പൂർണമായും സാംഖ്യയിൽ ഉൾപ്പടുത്തിയിട്ടില്ല. സ്ഥിര ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതും പൂർണമല്ല.

2. സ്റ്റോക്ക് & സ്റ്റോർസ് മൂല്യധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. VPFA-II(A),VPFA-II(B),II(C),III(റോഡ്, നോൺ റോഡ്),TSB, തനത് ഫണ്ട് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

4. കെട്ടിടനികുതി, പെർമിറ്റ് ഫീസ്,റെഗുലറൈസേഷൻ ഫീസ്, വാടകയിനങ്ങളിലെ രജിസ്റ്റർ പ്രകാരമുള്ള തുകയും എ.എഫ്.എസിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.